"ഭരണഭാഷ- മാതൃഭാഷ"

വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
(ഹാജർ:സുഭാഷ് ടി വി ഐ.എ.എസ്)

---

നമ്പർ.ഇ1/120/2023/ഐ&പി.ആർ.ഡി. തിരുവനന്തപുരം (30-10-2023)

---

വിഷയം:- വിവര പൊതുജന സമ്പർക്ക വകുപ്പ്-"കേരളീയം 2023"-ഓൺലൈൻ പ്രചരണങ്ങൾക്കുള്ള സജ്ജീകരണം ഒരുക്കുന്നതിന് സി-ഡിറ്റിനെ ചുമതലപ്പെടുത്തി-ഉത്തരവാകുന്നു.

സൂചന: - 1. 13.10.2023-ലെ സ.ഉ.(കൈ) നം.153/2023/ധന
2. 09.10.2023- ലെ സി ഡിറ്റിന്റെ P-63/CDIT/WSD/2023-24 നമ്പർ കത്ത്
3.16.10.2023-ലെ സി1/185/2023 ഐ&പി.ആർ. നമ്പർ നടപടി തീർപ്പ്
4.16.10.2023-ലെ ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) യുടെ കുറിപ്പ്

ഉത്തരവ്

"കേരളീയം 2023" ന്റെ ഭാഗമായി സാമ്പത്തിക അനുമതി നൽകിയും വിവിധ കമ്മിറ്റികളുടെ ബജറ്റ് അംഗീകരിച്ചും ധനവിനിയോഗ മാർഗനിർദ്ദേശങ്ങൾ വ്യക്തമാക്കിയും സൂചന (1) പ്രകാരം ഉത്തരവായിട്ടുണ്ട്. "കേരളീയം 2023" നോടനുബന്ധിച്ച വെബ്സൈറ്റിന്റെ രൂപകൽപ്പന, വികസനം, ഓൺലൈൻ മത്സരങ്ങൾക്കുള്ള പ്ലാറ്റ്ഫോം സജ്ജീകരണം, ലൈവ് സ്ട്രീമിംഗ് എന്നിവ സംബന്ധിച്ച സൂചന (2) പ്രകാരം സി-ഡിറ്റ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

2. "കേരളീയം 2023" ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട ഓൺലൈൻ പ്രചരണങ്ങൾക്കുള്ള സജ്ജീകരണം ഒരുക്കുന്നതിന്റെ ഭാഗമായി വെബ്സൈറ്റ് രൂപകൽപന, വികസനം- 3,00,000/- രൂപ , പ്രോഗ്രാം ലൈവ് സ്ട്രീമിംഗ് - 8,00,000/- രൂപ, ഡിജിറ്റൽ ന്യൂസ് ലെറ്റർ രൂപകൽപന, സജ്ജീകരണം (8 ലക്കം)- 2,50,000/- രൂപ, മൂന്നു ലക്ഷം ബൾക്ക് എസ്.എം.എസ്. 50,000/- രൂപ, ഓൺലൈൻ ക്വിസിൽ പങ്കെടുക്കുന്ന 25000 പേർക്ക് സെർവർ ചാർജ്-5,00,000/- രൂപ, സോഫ്റ്റ് വെയർ ഓൺലൈൻ ക്വിസ് മോഡ്യൂൾ വികസനം -5,00,000/- രൂപ എന്നിവ ഉൾപ്പെടെ ആകെ 24,00,000/-രൂപ (ഇരുപത്തി നാല് ലക്ഷം രൂപ മാത്രം) വിനിയോഗിക്കുന്നതിനു സൂചന (3) പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

3. വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന കേരളീയം മീഡിയ പബ്ലിസിറ്റി പ്രവർത്തനങ്ങളുടെ ഭാഗമായി ഓൺലൈൻ പ്രചരണവുമായി ബന്ധപ്പെട്ട സി-ഡിറ്റ് ഒരു വെബ്സൈറ്റ് രൂപകൽപന ചെയ്തു നൽകിയതായും പ്രോഗ്രാം ലൈവ് സ്ട്രീമിംഗ് (50 സ്ട്രീമിംഗ്), ഡിജിറ്റൽ ന്യൂസ് ലെറ്റർ രൂപകൽപന, മൂന്നു ലക്ഷം ബൾക്ക് എസ്.എം.എസ്., ഓൺലൈൻ ക്വിസ് സെർവർ ചാർജ്, സോഫ്റ്റ് വെയർ ഓൺലൈൻ ക്വിസ് മോഡ്യൂൾ

വികസനം എന്നിവയുടെ നടത്തിപ്പിലേക്കായി സൂചന (1) ഉത്തരവ് പ്രകാരം 24,00,000/-രൂപ വിനിയോഗിക്കുന്നതിനു അനുമതി ലഭിച്ചിട്ടുള്ളതായും ടി ചുമതലകൾ സി-ഡിറ്റിനെ ഏൽപ്പിക്കാവുന്നതാണെന്നും അനുമതി ലഭിച്ചിട്ടുള്ള തുകയ്ക്കുള്ളിൽ നിന്ന് സംവിധാനം ഒരുക്കുന്നതിന് സി-ഡിറ്റിനോട് ആവശ്യപ്പെടാവുന്നതാണെന്നും സൂചന (4) പ്രകാരം ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) അറിയിച്ചിട്ടുണ്ട് .

4. ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ "കേരളീയം 2023"ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട ഓൺലൈൻ പ്രചരണങ്ങൾക്കുള്ള സജ്ജീകരണം ഒരുക്കുന്നതിന്റെ ഭാഗമായി വെബ്സൈറ്റ് രൂപകൽപന, വികസനം- 3,00,000/- രൂപ നിരക്കിലും, പ്രോഗ്രാം ലൈവ് സ്ട്രീമിംഗ് (50 സ്ട്രീമിംഗ്)- 8,00,000/- രൂപ നിരക്കിലും, ഡിജിറ്റൽ ന്യൂസ് ലെറ്റർ രൂപകൽപന, സജ്ജീകരണം (8 ലക്കം)- 2,50,0,00/- രൂപ നിരക്കിലും, മൂന്നു ലക്ഷം ബൾക്ക് എസ്.എം.എസ്- 50,000/-രൂപ നിരക്കിലും, ഓൺലൈൻ ക്വിസിൽ പങ്കെടുക്കുന്ന 25,000 പേർക്ക് സെർവർ ചാർജ്-5,00,000/- രൂപ നിരക്കിലും, സോഫ്റ്റ് വെയർ ഓൺലൈൻ ക്വിസ് മോഡ്യൂൾ വികസനം -5,00,000/- രൂപ നിരക്കിലും **ജി.എസ്.ടി. ഉൾപ്പെടെ ആകെ 24,00,000/- രൂപയ്ക്കുള്ളിൽ (ഇരുപത്തി നാല് ലക്ഷം രൂപ മാത്രം)** നിന്നുകൊണ്ട് തയ്യാറാക്കുന്നതിന് സി-ഡിറ്റിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. ബില്ലുകൾ/ഇൻവോയ്സുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ടെക്നിക്കൽ കം കോസ്റ്റ് കമ്മിറ്റിയുടെ വിലനിരുത്തലിന്റെ അടിസ്ഥാനത്തിൽ അന്തിമ തുക അനുവദിക്കുന്നതാണ്.

സുഭാഷ് ടി വി ഐ.എ.എസ്
ഡയറക്ടർ

രജിസ്ട്രാർ, സി-ഡിറ്റ്, ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം പി.ഒ, തിരുവനന്തപുരം, പിൻ- 695 027.
അഡീഷണൽ ഡയറക്ടർ (ഇ എം ഡി)/(ജി & എ)
ഡെപ്യൂട്ടി ഡയറക്ടർ (എം.ആർ)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)/പ്ലാനിംഗ്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.